Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel +91-484-2805722, 2805815, Fax +91-484-2806214
E-mail kcbc@kcbc.in, www.kcbc.in

6.6.2016

All Kerala Press Release

*Ref: 537KCBC/K-6/KPR/DS*

# സമർപ്പിതർ പ്രേഷിത ചൈതന്യം വീണ്ടെടുക്കണം: ആർച്ചുബിഷപ് കല്ലറയ്ക്കൽ

കൊച്ചി: ദൈവത്തിന്റെ നീതി ദൈവകാരുണ്യം തന്നെയായിരിക്കുന്നതുപോലെ സമർപ്പിതർ വീണ്ടെടുപ്പിന്റെയും രക്ഷയുടെയും പ്രേഷിതരാകണമെന്ന് ആർച്ചുബിഷപ് ഫ്രാൻസിസ് കല്ലറയ്ക്കൽ. കെസിബിസിയുടെയും സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പീരിയർമാരുടെയും സംയുക്ത സമ്മേളനം പിഒസിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. തിരസ്കരിക്കപ്പെട്ടവർക്കും, കാരുണ്യത്തിനുവേണ്ടി ദാഹിക്കുന്നവർക്കും, മാനസിക ശാരീരിക ദൗർബല്യം അനുഭവിക്കുന്നവർക്കും, ഭിന്നശേഷിയുള്ളവർക്കും വേണ്ടി താത്പര്യത്തോടും സ്നേഹത്തോടും കൂടി സമർപ്പിതർ തങ്ങളുടെ സിദ്ധികൾ സമർപ്പിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ദൈവത്തിന്റെ കരുണയിൽ വിശ്വാസമർപ്പിക്കാനും ജീവിതത്തെ പ്രത്യാശയോടു കൂടി സ്വീകരിക്കാനും സമർപ്പിതരുടെ ജീവിതം എല്ലാ മനുഷ്യർക്കും പ്രചോദനം നല്കുമെന്ന് അധ്യക്ഷ പ്രസംഗത്തിൽ ബിഷപ് ഡോ. ജോസഫ് കരിയിൽ പറഞ്ഞു.

റവ. ഫാ. തോമസ് മഞ്ഞക്കുന്നേൽ, റവ. സിസ്റ്റർ റൊസീന റവ. മദർ റെക്സിയ എന്നിവർ പ്രസംഗിച്ചു. റവ. ഡോ. മാത്യു ഇല്ലത്തുപറമ്പിൽ "നീതിയും കരുണയും സഭാ ജിവിതത്തിലും ശുശ്രൂഷാരംഗങ്ങളിലും" എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ചു. തുടർന്ന് ബിഷപ് ജോസഫ് കരിയിലിന്റെ അധ്യക്ഷതയിൽ ചർച്ചകളും അവലോകനവും നടത്തപ്പെട്ടു. ജൂൺ 8-ാംതീയതി വരെ നടക്കുന്ന കെസിബിസി സമ്മേളനത്തിൽ കേരള കത്തോലിക്കാസഭയുടെ അജപാലനപരവും ശുശ്രൂഷാപരവുമായ വിവിധ വിഷയങ്ങളിലും സാമൂഹ്യവിഷയങ്ങളിലും ചർച്ചകൾ നടക്കുന്നതാണ്.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പിഒസി.

ഫോട്ടോ മാറ്റർ: കെസിബിസിയുടെയും സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പീരിയർമാരുടെയും സംയുക്ത സമ്മേളനം പിഒസിയിൽ ആർച്ചുബിഷപ് ഫ്രാൻസിസ് കല്ലറയ്ക്കൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു. റവ. ഫാ. തോമസ് മഞ്ഞക്കുന്നേൽ, റവ. മദർ റെക്സിയ, ബിഷപ് ജോസഫ് കരിയിൽ എന്നിവർ വേദിയിൽ

PRESIDENT
CARDINAL BASELIOS CLEEMIS
Major Archbishop - Catholicos
Major Archbishop's House, Pattom, Trivandrum 695 004.

VICE-PRESIDENT
MAR JOSEPH PERUMTHOTTAM
Archbishop's House, Changanacherry 686 101

SECRETARY GENERAL
BISHOP JOSEPH KARIYIL
Bishop's House, Fort Kochi, Kochi 682 001

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre, P.B. No. 2251, Kochi 682 025